പൊതു വിദ്യാഭ്യാസ
ഡയറക്ടറുടെ കാര്യാലയം,
ഹയർ സെക്കണ്ടറി വിഭാഗം,
ഹൗസിങ്ബോർഡ്ബിൽഡിംഗ്,
തിരുവനന്തപുരം-1

നംബർ. **ICT Cell/1771/DGE-HSE/2024** **12/02/2024**

## സർക്കുലർ

**വിഷയം : സംസ്ഥാനത്തെ ഹയർസെക്കണ്ടറി സ്കൂളുകൾ (ഗവൺമെൻറ്/എയ്ഡഡ്/അൺ-എയ്ഡഡ്) - കോഴ്സുകൾ അനുവദിച്ച വിശദാംശങ്ങൾ -ഓൺലൈൻ സമർപ്പണം**

സംസ്ഥാനത്തെ ഹയർസെക്കണ്ടറി സ്കൂളുകളിൽ വിവിധ കോഴ്സുകൾ അനുവദിച്ച ഉത്തരവുകളെ സംബന്ധിച്ച വിവരങ്ങൾ (ഒരു കോഴ്സ് കോമ്പിനേഷൻെറ ഒന്നിൽ കൂടുതൽ ബാച്ചുകൾ വ്യത്യസ്ത ഉത്തരുവുകളാൽ അനുവദിക്കപ്പെട്ടതാണെങ്കിൽ നിർദ്ദിഷ്ട ബോക്സിൽ അനുവദിച്ച വർഷവും ഉത്തരവ് നമ്പരും തീയതിയും രേഖപ്പെടുത്തണം) അഡ്മിഷൻ വെബ്സൈറ്റായ www.hscap.kerala.gov.in ൽ സ്കൂൾ പ്രിൻസിപ്പൽമാർ **'അഡ്മിൻ'** യൂസറായി ലോഗിൻ ചെയ്ത് Batch Details Entry എന്ന ലിങ്കിലൂടെ സമർപ്പിക്കേണ്ടതാണ്. ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ അപ്ഡേറ്റ് ചെയ്ത ശേഷം സബ്മിറ്റ് ബട്ടൺ ക്ലിക്ക് ചെയ്യണം. വിവരങ്ങൾ സബ്മിറ്റ് ചെയ്താൽ മൊത്തം വിവരങ്ങൾ ഒരിക്കൽ കൂടി പരിശോധിച്ച് ആവശ്യമാണെങ്കിൽ തിരുത്തലുകൾ വരുത്തുന്നതിന് Edit ബട്ടൺ ക്ലിക്ക് ചെയ്യണം. ഏറ്റവും ഒടുവിൽ I agree എന്ന ചെക്ക് ബോക്സിൽ ക്ലിക്ക് ചെയ്ത് Final Confirmation ബട്ടൺ ക്ലിക്ക് ചെയ്തുകഴിഞ്ഞാൽ പ്രിൻറ് എടുക്കുന്നതിനുള്ള പേജ് ദൃശ്യമാകും. ബാച്ചുകളെ സംബന്ധിച്ചുള്ള വിവരങ്ങൾ ഓൺലൈനായി സമർപ്പിച്ചതിന് ശേഷം ലഭിക്കുന്ന റിപ്പോർട്ടിൽ പ്രിൻസിപ്പാൾ ഒപ്പ് വച്ച് സ്കൂൾ സീലും പതിപ്പിച്ച് അതത് മേഖല ഉപമേധാവിയ്ക്ക് 2024 ഫെബ്രുവരി 20 ന് വൈകിട്ട് 5 മണിയ്ക്ക് മുൻപായി സമർപ്പിക്കേണ്ടതാണ്.

ജോയിൻറ് ഡയറക്ടർ (അക്കാദമിക്)